**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**2012 ജൂൺ 28, വ്യാഴം**

**നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.**

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

## അടിയന്തര പ്രമേയം

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

**മി. സ്പീക്കർ : ധനകാര്യവർഷം മൂന്ന് മാസം പിന്നിട്ടതിനുശേഷമാണ് പദ്ധതി രൂപീകരണ ഉത്തരവ് പുറത്തിറക്കിയിട്ടുള്ളത് എന്നതിനാൽ വകുപ്പുകളുടെ ഏകോപനവും ഉദ്യോഗസ്ഥ വിന്യാസവും പദ്ധതി രൂപീകരണവും ഇല്ലാതെ നടപ്പുവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിനിർവ്വഹണം സ്തംഭനാവസ്ഥയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി.എം. തോമസ് ഐസക്, സർവ്വശ്രീ. വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പദ്ധതി സംബന്ധിച്ച വിശദമായ രേഖകൾ 15-6-2012-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സർക്കാർ ഉത്തരവ് പ്രകാരം 14-5-2007-ലാണ് ആദ്യവർഷത്തെ പദ്ധതി പ്രവർത്തനം തുടങ്ങിയത്. പഞ്ചായത്ത് പ്രസിഡന്റുമാരും ബന്ധപ്പെട്ട ആളുകളും ഉന്നയിച്ച ആക്ഷേപങ്ങൾ കണക്കിലെടുത്ത് മാറ്റങ്ങൾ വരുത്തിയതുകൊണ്ടാണ് ഒരു മാസത്തെ താമസം നേരിട്ടത്. പന്ത്രണ്ടാം പദ്ധതി മുതൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പാറ്റേണിൽ പഞ്ചായത്തുകൾക്കും ഫൈവ് ഇയർ പ്ലാനാണ് ഉള്ളത്. ഇതുവരെ പഞ്ചായത്തുകളുടെ മേലുണ്ടായിരുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കി തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സമിതികൾക്ക് പദ്ധതി നടത്തിപ്പിൽ പൂർണ്ണ അധികാരവും അവകാശവും കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ചർച്ച ചെയ്ത് ഒരു മാറ്റം വരുത്തുമ്പോൾ കൈക്കൊള്ളേണ്ട എല്ലാ ജാഗ്രതയും മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരേയും വിളിച്ചുകൂട്ടി അവരുമായി ചർച്ച നടത്തി പദ്ധതി നടത്തിപ്പിനുള്ള അധികാരം ജനങ്ങൾക്ക് കൈമാറിയിരിക്കുകയാണ്. വിശദമായ പദ്ധതി ഡി.പി.സി. അംഗീകരിക്കേണ്ടതായിട്ടുണ്ട്. ഇത്തവണ സെപ്റ്റംബർ മാസത്തിൽ പദ്ധതി ആരംഭിക്കാൻ സാധിക്കും. 2013-2014 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ ഒന്നുമുതൽ പന്ത്രണ്ട് മാസക്കാലം പദ്ധതി നടത്തിപ്പിന് സാവകാശം ലഭിക്കും.

ഡോ. ടി.എം. തോമസ് ഐസക് : ഈ വിഷയത്തിൽ അഭിപ്രായ സമന്വയമുണ്ടാക്കുന്നതിന് നിയമസഭ വേദിയാക്കണം. ഇപ്പോൾ ഇറക്കിയി

തിക്കുന്ന ഉത്തരവുപ്രകാരം പദ്ധതി തയ്യാറാക്കാൻ കഴിയുകയില്ല. അനിവാര്യമായി ചെയ്യേണ്ട കാര്യങ്ങൾക്കും സർക്കാർ നിർദ്ദേശിക്കുന്ന കാര്യങ്ങൾക്കും പണം നീക്കിവയ്ക്കണം. ഐ.എ.വൈ. പദ്ധതിപ്രകാരം വീടൊന്നിന് 48000 രൂപ വച്ച് 55000 വീടുകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെങ്കിലും 398 കോടി രൂപ ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളോട് 410 കോടി രൂപ ഐ.എ.വൈ. പദ്ധതിക്ക് ചെലവഴിക്കണമെന്ന് പറഞ്ഞാൽ സാധിക്കില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രസ്തുത തുക നൽകാത്തതിനാൽ 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വീടുകളുടെ പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. 55,000 വീടുകൾക്ക് 75,000 രൂപ വച്ച് അഡീഷണലായി 500 കോടി രൂപ സർക്കാർ അധികം നൽകുന്ന തരത്തിലുള്ള ഉത്തരവിറക്കണം. കഴിഞ്ഞവർഷം ഉത്തരവ് ഇറക്കിയിരുന്നെങ്കിൽ പഞ്ചായത്തുകൾക്ക് പ്ലാൻ തയ്യാറാക്കാൻ കഴിയുമായിരുന്നു. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പുതിയ നിയമങ്ങളെക്കുറിച്ച് പഠിച്ച് ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ അഞ്ചാറ് മാസമെങ്കിലും വേണ്ടിവരും. വികേന്ദ്രീകരണ ആസൂത്രണ പദ്ധതിയെ ഈ സർക്കാർ അട്ടിമറിച്ചിരിക്കുകയാണ്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത ഉദ്യോഗസ്ഥ മേധാവികൾക്ക് പ്രോജക്ട് തയ്യാറാക്കാനും സാങ്കേതികാനുമതി കൊടുക്കാനുമുള്ള അധികാരങ്ങൾ നൽകുന്നത് അഴിമതിക്ക് വഴിയൊരുക്കും. ഉൽപ്പാദന മേഖലയിൽ 30 ശതമാനം തുക മുടക്കണമെന്ന നിബന്ധനയ്ക്ക് മാറ്റംവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽ മൊത്തം പദ്ധതി അടങ്കലിന്റെ 6.5 ശതമാനം മാത്രമാണ് കൃഷിക്കായി നീക്കിവച്ചിട്ടുള്ളത്. കൃഷിക്കുവേണ്ടി കൃഷി വകുപ്പ് മുടക്കുന്നതിനേക്കാൾ

കൂടുതൽ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് മുടക്കുന്നുണ്ട്. ഇപ്പോൾ എല്ലാ വകുപ്പുകൾക്കും തുല്യമായിട്ടല്ല പണം കൊടുത്തിരിക്കുന്നത്. സംസ്ഥാന ചരിത്രത്തിൽ കാർഷിക മേഖലയ്ക്ക് ഏറ്റവും കുറഞ്ഞ പദ്ധതിവിഹിതം നീക്കിവയ്ക്കുന്നത് ഈ വർഷമായിരിക്കും. പദ്ധതിയുണ്ടാക്കണമെങ്കിൽ സ്പിൽ ഓവർ പ്രോജക്ടിന് അനുവാദം കൊടുക്കണം. മാർച്ച് 31-നുമുമ്പ് സ്പിൽ ഓവർ പ്രോജക്ട് പണിയാൻ സാധിക്കുകയില്ല. മരാമത്ത് പണിയിൽ സബ്പ്രോഗ്രാമായിട്ട് ഈ വർഷംതന്നെ നടപ്പിലാക്കാൻ സാധിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാർ കഴിഞ്ഞകാല അനുഭവത്തിന്റെ വെളിച്ചത്തിൽ വ്യത്യസ്ത ഫോറങ്ങളിൽ ഉന്നയിച്ച ആക്ഷേപങ്ങളും പരാതികളും നിർദ്ദേശങ്ങളും കണക്കിലെടുത്താണ് സർക്കാർ പദ്ധതിയിൽ മാറ്റംവരുത്തിയിട്ടുള്ളത്. ഓരോ കൊല്ലവും പദ്ധതി തയ്യാറാക്കി ഡി.പി.സി.-ക്ക് കൊടുത്ത് അംഗീകാരം വാങ്ങിക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷം നവംബർ-ഡിസംബർ-ജനുവരി മാസങ്ങളിലാണ് അംഗീകാരം ലഭിച്ചത് എന്നതുകൊണ്ട് പദ്ധതി നടത്തിപ്പിന് മൂന്ന് മാസത്തെ സമയമാണ് കിട്ടിയത്. ഇനി ആ അനുഭവമുണ്ടാകാൻ പാടില്ല. 12-ാം പദ്ധതിയുടെ ആദ്യ വർഷമായതുകൊണ്ട് ഇത് ആരംഭിക്കാൻ സെപ്റ്റംബർ മാസമാകുമെങ്കിലും അടുത്ത സാമ്പത്തിക വർഷം തുടക്കത്തിൽത്തന്നെ ആരംഭിക്കാൻ കഴിയും. ജില്ലകളിൽ പരാതിയുണ്ടെങ്കിൽ അതിന്റെ നിർവ്വഹണത്തിനായി ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ

അതിനുള്ള സംവിധാനം ഏർപ്പെടുത്തും. നമ്മുടെ സങ്കൽപ്പം അധികാര വികേന്ദ്രീകരണമാണ്. ഈ വർഷം മുതൽ പഞ്ചായത്ത് കമ്മിറ്റി പ്ലാൻ അംഗീകരിക്കും. ഓരോ പഞ്ചായത്തിന്റെയും പൊതുവായ അലോക്കേഷൻ മാത്രം ഡി.പി.സി. അംഗീകരിക്കുമ്പോൾ അഴിമതിയുണ്ടാകാതെ പദ്ധതി സുഗമമായി കൊണ്ടുപോകാൻ സാധിക്കും. പ്ലാനിന് അനുമതി കിട്ടുന്നതിനുള്ള താമസം ഒഴിവാക്കാനായി എല്ലാ ജില്ലകളിലും ഗ്രാമ-ബ്ലോക്ക്-പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുംവേണ്ടി ഒരു സംവിധാനമുണ്ടാക്കുന്നുണ്ട്. സാങ്കേതിക അനുമതി സംബന്ധിച്ച പരാതിയുണ്ടെങ്കിൽ ജില്ലാ കളക്ടർ ചെയർമാനായി ഒരു ടെക്നിക്കൽ അപ്പീൽ കമ്മിറ്റിയുമുണ്ട്. 2013 ഏപ്രിൽ മാസം മുതൽ തന്നെ പദ്ധതി ആരംഭിക്കാനും മുൻവർഷത്തെ എല്ലാ പദ്ധതികളും അംഗീകരിക്കാനും സാധിക്കും. ഈ സർക്കാർ ഐ.എ.വൈ. പദ്ധതിക്ക് പണം കൊടുക്കും. രാജീവ് ഗാന്ധി ഭവനനിർമ്മാണ പദ്ധതിക്കായി പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും യഥാക്രമം 10 ലക്ഷം, 25 ലക്ഷം എന്നീ നിരക്കിൽ തുക അനുവദിച്ചെങ്കിലും ചെലവഴിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ ഗൈഡ് ലൈൻ ഉണ്ടാക്കി അഴിമതി തടയാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ പോകുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): അധികാര വികേന്ദ്രീകരണ കാര്യത്തിൽ കേരളം ഇന്ത്യക്ക് മാതൃകയാണ്. കഴിഞ്ഞ കാലങ്ങളിലൊക്കെ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (ടാഗ്) നിലവിലുണ്ടായിരുന്നതിനാൽ 77 ശതമാനം തുക മാത്രമേ

ചെലവഴിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. പല പദ്ധതികളും കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വച്ചാണ് പാസ്സാക്കിയെടുത്തത്. കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് പ്രസക്തി ഉണ്ടാകാത്ത രീതിയിൽ താഴെത്തട്ടിൽ കാര്യങ്ങൾ നീങ്ങണമെന്നതാണ് സർക്കാർ നയം. പഞ്ചായത്ത് അസോസിയേഷന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 'ടാഗ്' ഒഴിവാക്കുകയും സെക്ടറൽ അലോക്കേഷൻ എത്ര വേണമെങ്കിലും ഉപയോഗിക്കാമെന്ന രീതിയിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രൊഡക്ടീവ് സെക്ടറിൽ പണം ചെലവഴി ക്കാൻ കഴിയാത്ത നഗരവൽകൃത പ്രദേശത്ത് അവരുടെ ഇംഗിതത്തിന് അനുസരിച്ച് മാറ്റം വരുത്താൻ തീരുമാനിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാ ഗക്കാരുടേതടക്കമുള്ള മേഖലകളിൽ 100 ശതമാനം തുക ചെലവഴിക്കാൻ സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഈ വർഷം തുടക്കമാണെങ്കിലും 9 മാസത്തെ സമയം കിട്ടുന്നതായിരിക്കും. എല്ലാ പഞ്ചായത്തുകളിലും പദ്ധതി എത്തിക്കുകയും 100 ശതമാനം തുക ചെലവഴിക്കാത്ത പഞ്ചായത്തുകളുടെ ഫണ്ടിൽ കുറവുവരുത്തുകയും ചെയ്യുന്നതാണ്. മറ്റ് വിഭാഗങ്ങൾക്ക് 5 ശതമാനവും വനിതകൾക്ക് 10 ശതമാനവും മാറ്റി വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പഞ്ചായത്ത് അംഗങ്ങളുമായും എല്ലാ രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരുമായും നടത്തിയ നിരന്തര ചർച്ചയ്ക്കുശേഷം ഒരു അഭിപ്രായ സമന്വയത്തിലൂടെയാണ് വൺ ഇയർ പ്ലാനിനുപകരം 5 ഇയർ പ്ലാൻ കൊണ്ടുവന്നത്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പൂർണ്ണമായ അധികാരം കൊടുക്കുകയും നടപടിക്രമങ്ങൾ പരമാവധി ലളിത മാക്കുകയുമാണ് ഗവൺമെന്റിന്റെ നിലപാട്. ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുളള

പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

### (1) തമിഴ് വംശജർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. രാജു : സംസ്ഥാനത്ത് പുനരധിവസിപ്പിക്കപ്പെട്ട ശ്രീലങ്കൻ തമിഴ്വംശജർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം. 1964-ൽ ഇന്ത്യ-ശ്രീലങ്ക ഉടമ്പടിയനുസരിച്ച് ശ്രീലങ്കയിൽ നിന്ന് ഇന്ത്യയിലേയ്ക്ക് തിരിച്ചയയ്ക്കപ്പെട്ട ഇന്ത്യൻ വംശജരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രവുമായി ചേർന്ന് രൂപീകരിച്ച പദ്ധതി പ്രകാരം കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലകളിൽ 2070 ഹെക്ടർ വനഭൂമിയിൽ റബ്ബർ പ്ലാന്റേഷൻ നടത്തികൊണ്ട് 700 ശ്രീലങ്കൻ കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. ആദ്യം പുനരധിവസിപ്പിക്കപ്പെട്ട ഓരോ കുടുംബത്തിലേയും ഫാമിലി കാർഡിൽ പേരുള്ളവർക്കെല്ലാം ജോലി ലഭിച്ചെങ്കിലും പുതിയ തലമുറയിൽപ്പെട്ട ആളുകൾക്ക് കാർഡിൽ പേരില്ലെന്ന കാരണത്താൽ സ്ഥിരം ജോലി ലഭിക്കുന്നില്ല. നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് അർഹതപ്പെട്ട എല്ലാവർക്കും തൊഴിൽ കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും ഇവർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കാത്തതു കാരണം സംസ്ഥാന-കേന്ദ്ര സർക്കാരുകൾ നൽകിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസവും തൊഴിൽസംബന്ധവുമായ യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. എസ്റ്റേറ്റിനുള്ളിൽ ഇപ്പോൾ പ്രവർത്തി

ച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് തുടർവിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തണം. മൂന്നുനാല് തലമുറയിൽപ്പെട്ട ആളുകൾ ഒരു ലയത്തിൽ താമസിക്കേണ്ട അവസ്ഥയാണിപ്പോഴുള്ളത്. ഇതെല്ലാം കണക്കി ലെടുത്തുകൊണ്ട് സമഗ്രമായ ഒരു റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം. ജാതി സർട്ടിഫിക്കറ്റുമായി ബന്ധ പ്പെട്ട വിഷയം സംസ്ഥാനത്തൊട്ടാകെ നിലനിൽക്കുന്നതിനാൽ മുഖ്യമ ന്ത്രിയും റവന്യൂ, തൊഴിൽ, വിദ്യാഭ്യാസം എന്നീ വകുപ്പുമന്ത്രിമാരും ചേർന്ന് ആലോചിച്ച് പരിഹാരം കാണണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 1972 മുതൽ ശ്രീലങ്കയിൽനിന്നും ഇന്ത്യയിൽ പുനരധിവസിപ്പിക്ക പ്പെട്ടവരിൽ കേരളത്തിലുള്ള 700 കുടുംബങ്ങളിൽ 1400 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ആദ്യം വന്നവർക്ക് ഇന്ത്യൻ എമ്പസിയിൽനിന്ന് പട്ടികജാതി സർട്ടിഫിക്കറ്റ് കൊടുത്തിരുന്നുവെങ്കിലും പിന്നീടുള്ളവർക്ക് അത് നൽകാത്ത തിനാൽ പ്രസ്തുത ആനുകൂല്യം നിഷേധിക്കുകയുണ്ടായി. മുഖ്യമന്തിയുമായും റവന്യൂ വകുപ്പുമന്ത്രിയുമായും ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതാണ്. ഇപ്പോഴുള്ളവർക്ക് താൽക്കാലിക ജോലി നൽകുന്നു ണ്ട്. സ്ഥിരനിയമനം എന്ന രീതിയിൽ ഗവൺമെന്റ് നീങ്ങിയാൽ മറ്റ് ഇന്ത്യൻ പൗരൻമാരെ ഒഴിവാക്കി എന്ന പ്രശ്നമുണ്ടാകും. ഇക്കാര്യത്തിൽ ഏകീക രിച്ച ഒരു തീരുമാനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. സ്കൂളുമായി ബന്ധപ്പെട്ട വിഷയം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. റിട്ടയർ ചെയ്തവർക്കായി ഒരു ഹൗസിംഗ് സ്കീം തയ്യാറാക്കാൻ ബന്ധപ്പെട്ട മാനേജ്മെന്റിനോട് ആവശ്യ

പ്പെടുകയും ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ഓരോ കുടുംബ ത്തിലേയും അഞ്ച് അംഗങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇവിടെ ഉന്നയിച്ച വിഷയം സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി പരിഹാരം ഉണ്ടാക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്.

(2) ഇലക്ട്രിക്കൽ ഹൈ-ടെൻഷൻ ലൈൻ നിർമ്മാണം

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : കൂടംകുളം ആണവ പ്ലാന്റിൽ ഉത്പാദി പ്പിക്കുന്ന വൈദ്യുതിയുടെ വിഹിതം സംസ്ഥാനത്ത് എത്തിക്കുന്ന തിനുവേണ്ടിയുള്ള 400 കെ.വി. ഇലക്ട്രിക് ഹൈടെൻഷൻ ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കണം. പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ല കളിലെ റബ്ബർ കർഷകരുടെ എതിർപ്പുമൂലം ലൈനിന്റെ പണി പൂർത്തി യാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സഭ ഒന്നടങ്കം ഒരു സമവായ മുണ്ടാക്കി ലൈൻ നിർമ്മിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരി ക്കണം. ആണവനിലയത്തിൽനിന്നുമുള്ള സംസ്ഥാന വിഹിതം ലഭ്യമായാൽ വടക്കൻ മലബാറിലെ വൈദ്യുതി ക്ഷാമവും പരിഹരിക്കപ്പെടുമെന്നിരിക്കെ ലൈൻ വലിക്കുന്നതിനെതിരെ മുന്നോട്ടുവന്നിട്ടുള്ള ആക്ഷൻ സമിതികളുടെ അനാവശ്യ എതിർപ്പ് ഇല്ലാതാക്കാൻ ശക്തമായ നിലപാട് സ്വീകരിക്കണം. മൈസൂർ-അരീക്കോട് ലൈൻ വലിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെട്ട് ഇലക്ട്രി ക്കൽ ഹൈടെൻഷൻ ലൈൻ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്ക ണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : കൂടംകുളം ആണവ നിലയത്തിൽ നിന്നും കൊമേഴ്സ്യൽ പ്രൊഡക്ഷൻ ആരംഭിക്കുന്നതോടെ. ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതമായ 266 മെഗാവാട്ട് വൈദ്യുതിക്ക് പുറമേ അൺ അലോട്ടഡ് ക്വോട്ടയിൽനിന്നും കുറച്ച് വൈദ്യുതികൂടി സംസ്ഥാനത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വൈദ്യുതി സംസ്ഥാനത്ത് എത്തിക്കുന്ന തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ പണി എറണാകുളം-കോട്ടയം-പത്തനംതിട്ട ജില്ലകളിലൊഴികെ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2007-ൽ 250 കോടി രൂപ മുതൽമുടക്കിൽ പി.ജി. സി.എൽ. തുടങ്ങിയ ഈ പണി 2010-ൽ പൂർത്തിയാക്കേണ്ടതാണെങ്കിലും മൂന്ന് ജില്ലകളിലെ ഏതാനും കൃഷിക്കാർ ആക്ഷൻ കമ്മിറ്റികളുണ്ടാക്കി ഇതിനെതിരെ പ്രചരണം നടത്തുന്നതിനാൽ 25 ശതമാനം പണികൾ മാത്രമേ ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളു. ആക്ഷൻ സമിതികളുമായി പല കോൺഫറൻസുകൾ നടത്തിയെങ്കിലും തീരുമാനമാകാത്തതിനാൽ കർഷകർക്ക് മാർക്കറ്റ് റേറ്റ് കൊടുത്തും മുറിച്ചുമാറ്റുന്ന റബ്ബർ മരത്തിന്റെ എണ്ണം പരമാവധി കുറച്ചും പദ്ധതി നടപ്പിലാക്കാമെന്നുള്ള തീരുമാനത്തിലാണ് ഇപ്പോൾ എത്തിച്ചേർന്നിട്ടുള്ളത്. മൈസൂർ-അരീക്കോട് ലൈനുമായി ബന്ധപ്പെട്ട പ്രശ്നം മുഖ്യമന്ത്രിയും കർണ്ണാടക മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ വനവുമായി ബന്ധപ്പെട്ട ക്ലിയറൻസ് ലഭിക്കുകയും മറ്റ് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിത്തരാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. പളളിക്കരയിൽനിന്ന് 220 ലൈൻ

കളമശ്ശേരി വരെ കൊണ്ടുവന്നാൽമാത്രമേ കളമശ്ശേരി മുതൽ ഹരിപ്പാട് വരെയുള്ള പ്രശ്നങ്ങളും മലബാറിന്റെ പ്രശ്നങ്ങളും പരിഹരിക്കാനാകൂ.

## സബ്മിഷൻ

### (1) എയർ ഇൻഡ്യാ പൈലറ്റുമാരുടെ സമരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്തെ 3 വിമാനത്താവളങ്ങളിൽനിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള എയർ ഇന്ത്യ വിമാന സർവ്വീസുകൾ വെട്ടിക്കുറയ്ക്കുകയും റദ്ദാക്കുകയും ചെയ്തതുമൂലം പ്രവാസി മലയാളികൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഇതിന്റെ ഫലമായി യാത്രക്കാർക്ക് മറ്റ് എയർലൈൻസുകളെ ആശ്രയിക്കേണ്ടിവരുന്ന അവസരം മുതലെടുത്ത് താണ വരുമാനക്കാർക്ക് താങ്ങാനാവാത്ത ചാർജ്ജാണ് ഇവർ ഈടാക്കുന്നത്. പ്രവാസി മലയാളികൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഹരിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഇതൊരു പ്രമേയമായി അംഗീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എയർ ഇന്ത്യാ പൈലറ്റുമാരുടെ സമരംമൂലം ഫ്ളൈറ്റുകൾ റദ്ദാക്കിയതിനാൽ ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അവസരം മുതലെടുത്ത് മറ്റ് സ്വകാര്യ എയർലൈൻ കമ്പനികൾ അമിതമായി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് പ്രധാനമന്ത്രിയുടേയും സിവിൽ വ്യോമയാന വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജൂലൈ മാസം 2, 3 എന്നീ തീയതികളിൽ ഡൽഹിയിൽ വച്ച് പ്രധാനമന്ത്രിയുമായും സിവിൽ വ്യോമയാന മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുമായും ഇക്കാര്യം ചർച്ച

ചെയ്യുന്നതാണ്. ഗൾഫ് വിമാനയാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചാർട്ടേർഡ് ഫ്ളൈറ്റ് ഏർപ്പെടുത്താൻ എയർ ഇന്ത്യ തയ്യാറാകണം. എയർ ഇൻഡ്യക്ക് ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന പ്രവാസി മലയാളികൾക്ക് ആശ്വാസം എത്തിക്കാനുള്ള ബാദ്ധ്യത എയർ ഇന്ത്യ ഏറ്റെടുക്കണമെന്നും സീസൺ സമയത്ത് ചാർജ്ജ് വർദ്ധിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടെ പ്രകടിപ്പിച്ച വികാരം കേന്ദ്രത്തെ അറിയിക്കുന്നതാണ്.

(2) <u>തൃശ്ശൂർ അഞ്ചേരി-കച്ചേരി നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : തൃശ്ശൂർ നഗരത്തിലെ അഞ്ചേരി - കച്ചേരി പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽനിന്ന് ഒഴുക്കുന്ന ആസിഡ് കലർന്ന മലിനജലം സമീപവാസികളുടെ ജീവിതം ദു:സഹമാക്കിയിരിക്കുന്നതിനാൽ ഈ വ്യവസായ സ്ഥാപനങ്ങളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാനും പൊല്യൂഷൻ സംബന്ധിച്ച് ആവശ്യമായ മുൻകരുതലുകളെടുക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>) : തൃശ്ശൂർ അഞ്ചേരി-കച്ചേരി പ്രദേശത്തുള്ള വ്യവസായ സ്ഥാപനങ്ങൾ പ്രദേശവാസികൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിക്ക് വിധേയമായി മാത്രമേ വ്യവസായ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ. ജനങ്ങളുടെ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) സബ് രജിസ്ട്രാർ ഓഫീസ്

ശ്രീ. എം. ഉമ്മർ : മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട്ട് ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ തുവ്വൂർ, കരുവാരക്കുണ്ട്, കാളികാവ് വില്ലേജുകൾ ഉൾപ്പെടുത്തി കരുവാരക്കുണ്ട് ആസ്ഥാനമായി ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. പാണ്ടിക്കാട് പുതിയ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(4) വഞ്ചിപ്പാട്ട് മത്സര ഇനമായി അംഗീകരിക്കൽ

ശ്രീ. സി.കെ. സദാശിവൻ : സ്കൂൾ-യൂണിവേഴ്സിറ്റി കലോൽസവങ്ങളിൽ 'വഞ്ചിപ്പാട്ട്' മൽസര ഇനമായി അംഗീകരിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : കേരള സ്കൂൾ കലോൽസവത്തിൽ സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി നടത്തിവരുന്ന 218 മൽസര ഇനങ്ങളോടൊപ്പം 'വഞ്ചിപ്പാട്ട്' പ്രദർശന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത കലോൽസവ മാന്വൽ പരിഷ്ക്കരണ വേളയിൽ വഞ്ചിപ്പാട്ടുകൂടി മൽസര ഇനമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ സർവ്വകലാശാല യുവജനോൽസവങ്ങളിൽ വഞ്ചിപ്പാട്ട് ഒരു മൽസര ഇനമല്ലെന്നും കലോൽസവ മാന്വൽ പരിഷ്ക്കരണ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഈ വിഷയം

സമർപ്പിക്കുന്നതാണെന്ന് കോഴിക്കോട് സർവ്വകലാശാലയും ഇതേ കാര്യം പരിഗണിക്കുന്നതാണെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയും കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയും അറിയിച്ചിട്ടുണ്ട്.

(5) <u>യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന്റെ അംഗീകാരം</u>

<u>ശ്രീമതി ഗീതാ ഗോപി</u> : കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ നാട്ടിക ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ ആരംഭിച്ച ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന്റെ അംഗീകാരം സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തതിന്റെ പേരിൽ എൻ.സി.ടി.ഇ. റദ്ദ് ചെയ്തതിനാൽ പ്രസ്തുത സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പാട്ടക്കരാർമൂലം നൽകി സെന്റർ നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തതിന്റെ പേരിൽ എൻ.സി.ടി.ഇ.യുടെ അംഗീകാരം നഷ്ടപ്പെട്ട നാട്ടിക ബി.എഡ്. സെന്റർ കോടതി വിധിയുടെ ബലത്തിൽ ഇപ്പോഴും പ്രവർത്തനം തുടർന്നുക്കൊണ്ടിരിക്കുകയാണ്. തൃശൂർ ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള ബി.എഡ്. സെന്റർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നാട്ടിക ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഭൂമിയുടെ ഉടമസ്ഥാവകാശം പാട്ടക്കരാറിന്റെ അടിസ്ഥാനത്തിൽ ലഭിക്കാൻ കോഴിക്കോട് സർവ്വകലാശാല തദ്ദേശസ്വയംഭരണ വകുപ്പിനെ സമീപിച്ചുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(6) എയ്ഡ് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്താൻ നടപടി

ശ്രീ. സി. മോയിൻകുട്ടി : വയനാട്ടിലെ അടിവാരത്ത് നിലവിലുള്ള പോലീസ് എയ്ഡ് പോസ്റ്റ് അടിയന്തരമായി പോലീസ് സ്റ്റേഷനായി ഉയർത്താനും അനുബന്ധ സജ്ജീകരണങ്ങൾ അനുവദിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വയനാട്ടിലെ അടിവാരത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മുഖ്യമന്ത്രിയുടെ അംഗീകാരത്തോടുകൂടി ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചിട്ടുണ്ട്; സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കുന്നതാണ്.

(7) പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി

ശ്രീ. സി. കെ. നാണു: കോഴിക്കോട് ജില്ലയിലെ മേപ്പയൂർ പഞ്ചായത്തിൽ ജനതാദൾ (എസ്) ജില്ലാ പ്രസിഡന്റിന്റെ വീടിനുനേരെ ആക്രമണം നടത്തിയതിനുത്തരവാദികളായവരെ അറസ്റ്റ് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 27-06-2012-ന് കോഴിക്കോട് ജില്ലയിലെ മേപ്പയൂർ പഞ്ചായത്തിലെ ജനതാദൾ (എസ്) ജില്ലാ പ്രസിഡന്റിന്റെ വീടിനുനേരെ കല്ലെറിഞ്ഞ് നാശനഷ്ടം വരുത്തിയ സംഭവത്തിൽ മേപ്പയൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

## (8) ടോൾ പിരിവ് നിരക്ക്

ശ്രീ. ബി. ഡി. ദേവസ്സി : ഇടപ്പള്ളി-മണ്ണുത്തി നാഷണൽ ഹൈവേയിലുൾപ്പെടുന്ന പാലിയേക്കര ടോൾ പ്ലാസയിൽ ഏർപ്പെടുത്തിയിരിക്കുന്ന ടോൾ നിരക്ക് കുറയ്ക്കാനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പാലിയേക്കര ടോൾ പ്ലാസയിലെ ടോൾ നിരക്കിന്റെ കാര്യത്തിൽ എല്ലാ സംഘടനകളും പാർട്ടികളും സമവായത്തിലെത്തേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൊടുത്ത സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പരിപൂർണ്ണമായി പാലിക്കുന്നതാണ്. അങ്കമാലി മുതൽ മണ്ണുത്തി വരെയുള്ളതാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള സ്ട്രെച്ച്. കൺസ്ട്രക്ഷൻ കമ്പനിയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും എഗ്രിമെന്റ് പാലിക്കേണ്ടതുണ്ട്. മുഖ്യമന്ത്രിയുടേയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടേയും ആഭിമുഖ്യത്തിൽ ജില്ലയിലെ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികൾ, സമരസമിതി പ്രവർത്തകർ എന്നിവരുമായി ധാരണയുണ്ടാക്കിയിട്ടുള്ളതനുസരിച്ചാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ യൂസർ ഫീ ആക്ട് അമെന്റ് ചെയ്യാതെ ടോൾ നിരക്കുയർത്തുന്നതിനോ കാലാവധി ദീർഘിപ്പിക്കുന്നതിനോ കഴിയില്ലെന്ന മറുപടിയാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽനിന്ന് ലഭിച്ചിട്ടുള്ളത്. കൺസ്ട്രക്ഷൻ കമ്പനി എന്തെങ്കിലും ചെയ്യേണ്ടതുണ്ടെങ്കിൽ ഗവൺമെന്റ് ഇടപെട്ട് ഉടൻ തന്നെ എഗ്രിമെന്റ് അനുസരിച്ചുള്ള പണികൾ നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. ടോൾ പിരിവിൽ ഉണ്ടാകുന്ന തടസ്സം മറ്റ് വർക്കുകളേയും ബാധിക്കുന്നുണ്ട്.

**(9) ശമ്പള തുല്യത പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച്**

ശ്രീ. എ. കെ. ബാലൻ: വിവിധ വകുപ്പുകളിലെ ജില്ലാതലം മുതലുള്ള തസ്തികകൾക്ക് സെക്രട്ടേറിയറ്റ് തസ്തികകളുമായുണ്ടായിരുന്ന തുല്യത അട്ടിമറിച്ച് സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകളുടെ ശമ്പളം ഏകപക്ഷീയമായി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പിൻവലിക്കാനും ഒമ്പതാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾ പുനസ്ഥാപിച്ച് ശമ്പള പരിഷ്ക്കരണ നടപടി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സെക്രട്ടേറിയറ്റിലെ ഉയർന്ന തസ്തികകളിലെ ശമ്പള സ്കെയിലുകളിലുണ്ടായ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശ പ്രകാരമാണ്. സംസ്ഥാന സർക്കാർ സർവ്വീസിലെ വിവിധ വിഭാഗം ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ കാലാകാലങ്ങളിൽ നിയമിക്കപ്പെടുന്ന ശമ്പള കമ്മീഷന്റെ ശുപാർശകൾ പ്രകാരമാണ് പരിഷ്ക്കരിക്കുന്നത്. വിവിധ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അത്തരം ഉത്തരവുകളിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നത്. സെക്രട്ടേറിയറ്റ് സർവ്വീസിലെ ഡെപ്യൂട്ടി സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള തസ്തികകൾ സെക്രട്ടി-മേജർ, മീഡിയം മൈനർ, വകുപ്പുതലവൻ എന്നീ വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവരെ മറ്റു വകുപ്പിലെ ഉദ്യോഗസ്ഥന്മാരുമായി പൂർണ്ണമായി താരതമ്യം ചെയ്യാൻ സാധിക്കില്ല. ഈ വിഷയം സംബന്ധിച്ച് ലഭ്യമായിട്ടുള്ള പരാതികൾ പരിശോധിച്ചുവരികയാണ്.

(10) റോഡുകൾ വീതി കൂട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. ആർ. രാജേഷ്: മാവേലിക്കര നഗരമധ്യത്തിലെ റോഡുകളുടെ വീതി കൂട്ടി നഗര വികസനം സാധ്യമാക്കുന്നതിനും ഗതാഗത പ്രശ്നം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): മാവേലിക്കര പട്ടണത്തിലെ റോഡുകളുടെ വീതികൂട്ടിയെങ്കിൽ മാത്രമേ അവിടെ വികസനം സാധ്യമാകൂ. എന്നാൽ അവിടെ റോഡുവികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രായോഗികമല്ല. കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയായാൽ ഒരുപരിധിവരെ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സാധിക്കും. പ്രസ്തുത ബൈപ്പാസിനുവേണ്ടി ചീഫ് എഞ്ചിനീയറിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് അതിന്റെ നിർമ്മാണം സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(11) മലയാളം ശ്രേഷ്ഠ ഭാഷയാക്കുന്നതിന് നടപടി

ശ്രീ. പാലോട് രവി: നിലവിലുള്ള തടസ്സങ്ങൾ നീക്കി മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): 15-1-2011-ൽ അന്നത്തെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സാംസ്ക്കാരികവകുപ്പുമന്ത്രിയും ചില സാംസ്ക്കാരിക നേതാക്കളുമടങ്ങിയ സംഘം പ്രധാനമന്ത്രിയെക്കണ്ട് മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്നതിനുള്ള ന്യായീകരണങ്ങൾ കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. പ്രസ്തുത പദവി

നൽകുന്നതിന് ചുരുങ്ങിയത് 1500 വർഷം പഴക്കം വേണമെന്ന ആദ്യത്തെ മാനദണ്ഡപ്രകാരം ആദ്യം തമിഴിനും തുടർന്ന് മാനദണ്ഡം ലഘൂകരിച്ച് തെലുങ്കിനും കന്നടയ്ക്കും പ്രസ്തുത പദവി നൽകിയെങ്കിലും 2300 വർഷം പഴക്കമുള്ള മലയാള ഭാഷയോട് നീതികാണിക്കാൻ കേന്ദ്ര സാഹിത്യ അക്കാഡമിയുടെ ലാംഗ്വേജ് കമ്മിറ്റി തയ്യാറായില്ല. ഈ വിഷയം കേന്ദ്ര സാഹിത്യ അക്കാഡമിയുടെ എക്സ്പെർട്ട് കമ്മിറ്റിയിൽ വച്ചുവെങ്കിലും സമിതിയുടെ നിഗമനം സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമായിട്ടില്ല. കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്ര സാംസ്ക്കാരിക മന്ത്രിക്ക് നൽകിയെന്നും അതിൽ മലയാളത്തിന്റെ ജനനത്തീയതി ശരിയല്ലായെന്നുമാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ റിപ്പോർട്ട് പരിഗണിക്കുന്നതിനുമുൻപായി കേരളത്തിന്റെ അവകാശങ്ങൾ ഉന്നയിക്കാനായി ഒരവസരം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കാനുള്ള എല്ലാ നീക്കങ്ങളും നടത്തുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലയാളം ശ്രേഷ്ഠ ഭാഷയാക്കുന്നതിന് തടസ്സമായി വന്നിരിക്കുന്ന കേന്ദ്ര സാഹിത്യ അക്കാഡമിയുടെ ഭാഷാ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കാൻ സാധിക്കില്ല. ഇത് സംബന്ധിച്ച് കേന്ദ്ര സാംസ്കാരിക വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് പ്രധാനമന്ത്രിയേയും കേന്ദ്ര സാംസ്കാരിക വകുപ്പുമന്ത്രിയേയും നേരിട്ട് കാണുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അവകാശം നേടുന്നതിന് പോരാട്ടം നടത്തുന്നതാണ്.

(12) പി.എം.ജി.എസ്.വൈ. വ്യവസ്ഥകൾ ലഘൂകരിക്കൽ

ശ്രീ. കെ. ശിവദാസൻ നായർ: പി.എം.ജി.എസ്.വൈ.-യുടെ വ്യവസ്ഥകൾ ലഘൂകരിച്ച് കോൺട്രാക്ടേഴ്സിന് ടെൻഡർ എക്സസ് നൽകി പി.ഡബ്ല്യൂ.ഡി. വർക്കുകൾ ചെയ്യുന്ന രീതിയിൽ സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പി.എം.ജി.എസ്.വൈ. പ്രകാരമുള്ള വർക്കുകൾക്ക് കേന്ദ്ര ഗവൺമെന്റ് ടെൻഡർ എക്സസ് നൽകാത്ത സാഹചര്യത്തിൽ അത്തരം വർക്കുകൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനുപുറമെ 40 ശതമാനം ടെൻഡർ എക്സസും നൽകുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ചാണെങ്കിലും ഈ വർക്ക് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 302 റോഡിന്റേയും പണി ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(13) കോഴി കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വർക്കല കഹാർ: പക്ഷിപ്പനിയും വായ്പാ ബാധ്യതയുംമൂലം പ്രതിസന്ധിയിലായ സംസ്ഥാനത്തെ കോഴി കർഷകർക്കുവേണ്ടി സമഗ്ര കടാശ്വാസ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) : അന്യസംസ്ഥാനങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തതിനാൽ കേരളത്തിലെ കോഴിക്കർഷകരുടെ കച്ചവട

ത്തെയും സാരമായി ബാധിക്കാനിടയായി. ബാങ്ക് വായ്പയെടുത്ത കോഴിക്കർഷകർക്ക് കാർഷിക മേഖലയിൽ നൽകിവരുന്ന പരിഗണന കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായവും ലഭ്യമാക്കണമെന്നും കോഴിഫാമുകൾക്കായി എടുക്കുന്ന വായ്പകൾ കൃഷി വായ്പയായി അംഗീകരിക്കണമെന്നും കോഴിക്കർഷകർ നിരന്തരം ഉന്നയി ച്ചിട്ടുണ്ടെങ്കിലും ഇറച്ചിക്കോഴി വളർത്തലിന് സാമ്പത്തികസഹായം നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പിന് ഇല്ലാത്തതിനാൽ കാർഷിക കടാശ്വാസ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി നിയമവകുപ്പിന്റെ അംഗീകാര ത്തോടെ നഷ്ടം എഴുതിത്തള്ളുന്നതിനുള്ള തീരുമാനം കൈക്കൊള്ളാമെന്ന് ധാരണയായിട്ടുണ്ട്. കോഴിക്കർഷകരെ കൃഷിയുടെ പരിധിയിൽപ്പെടുത്തുന്ന തിനെക്കുറിച്ച് മൃഗസംരംക്ഷണ വകുപ്പ് ലഭ്യമാക്കിയ ശുപാർശ യുടെ വിവിധ വശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(14) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നവീകരണം

ശ്രീ. അൻവർ സാദത്ത് : ആലുവ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് നവീകരിച്ച് ബി.ഒ.ടി. അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, ഗ്യാരേജ്, വിശ്രമ കേന്ദ്രങ്ങൾ, പാർക്കിംഗ് സൗകര്യങ്ങൾ ഉൾപ്പെടെ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ആലുവ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന്റെ വികസനത്തിനായി യാർഡ് കോൺക്രീറ്റ് ചെയ്തുകഴിഞ്ഞു. സ്ത്രീകളുടെ വിശ്രമത്തിനും ടോയ്ലെറ്റ് സൗകര്യത്തിനുമായി 23 ലക്ഷം രൂപയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കു

കയാണ്. ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(15) തെയ്യം കലാകാരൻ മരണപ്പെട്ടതുസംബന്ധിച്ച്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): നടക്കാവ് പട്ടികജാതി കോളനിയിൽ തെയ്യം കലാകാരനായ പട്ടികജാതിയിൽപ്പെട്ട വേണുഗോപാൽ മണ്ണെണ്ണ വിളക്കിൽ നിന്നും തീപടർന്ന് മരണപ്പെടുകയും അദ്ദേഹത്തിന്റെ വീട് കത്തിനശിക്കുകയും ചെയ്തതിനെത്തുടർന്ന് അനാഥമായ കുടുംബത്തിന് ധനസഹായം നൽകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): തെയ്യം കലാകാരനായിരുന്ന തൃക്കരിപ്പൂർ നടക്കാവ് കോളനിയിലെ വേണുഗോപാൽ വീടിന് തീപിടിച്ച് പൊള്ളലേറ്റ് ചികിൽസയിലിരിക്കെ മരണപ്പെടുകയുണ്ടായി. വളരെ പാവപ്പെട്ട കുടുംബം എന്ന പരിഗണനയിൽ സാംസ്കാരിക വകുപ്പിൽ നിന്ന് അടിയന്തര സഹായമായി 25000 രൂപ അനുവദിച്ചിട്ടുണ്ട്. അവിടത്തെ പഞ്ചായത്തുകൂടി സഹകരിക്കുകയാണെങ്കിൽ ഐ.എ.വൈ. പദ്ധതിയിൽപ്പെടുത്തി വീട് നൽകാൻ സാധിക്കും. സഹായം വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(16) മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം

ശ്രീ. ടി.എ. അഹമ്മദ് കബീർ : മലപ്പുറം, പെരിന്തൽമണ്ണ നഗരസഭകളിൽപ്പെട്ട അങ്ങാടിപ്പുറം-മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : മക്കരപ്പറമ്പ് ടൗൺ, അമ്പലപ്പടി എന്നീ റോഡുകൾ വീതികുറഞ്ഞതും തിരക്കേറിയതുമായതിനാൽ നിരവധി അപകടങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും ഭൂമി ലഭ്യമല്ലാത്തതിനാൽ റോഡിന് വീതി കൂട്ടാൻ നിർവ്വാഹമില്ല. ദേശീയ പാത 213-ൽ തുടങ്ങി രാമപുരത്ത് അവസാനിക്കുന്ന തരത്തിൽ ഒരു ബൈപ്പാസ് നിർമ്മിച്ചാൽ മക്കരപ്പറമ്പ് ടൗണിലെ ഗതാഗതക്കുരിക്കിന് പരിഹാരമുണ്ടാകുമെന്നതിനാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ ത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(17) കണ്ണൂർ ജില്ലയിൽ നടന്ന അക്രമസംഭവം

ശ്രീ. ഇ.പി. ജയരാജൻ: സ്വാശ്രയ കോളേജ് മാനേജുമെന്റുകളുമായി സർക്കാർ ഉണ്ടാക്കിയിട്ടുള്ള കരാർ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് ഇന്നലെ സംസ്ഥാന വ്യാപകമായി എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ കണ്ണൂരിൽ നടന്ന മാർച്ചിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കുനേരെയുണ്ടായ നിഷ്ഠൂര മായ പോലീസ് നടപടിയെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : 27-6-2012-ന് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ പരിധി യിൽപ്പെട്ട കളക്ടറേറ്റിലേക്ക് മാർച്ച് നടത്തിയ എസ്.എഫ്.ഐ. പ്രവർത്ത കരെ കളക്ടറേറ്റിന് മുൻവശം പോലീസ് തടഞ്ഞപ്പോൾ പ്രവർത്തകർ അക്രമാസക്തരായി പോലീസിനുനേരെ കല്ലെറിയുകയുണ്ടായി. ഈ സമ യത്ത് കണ്ണൂർ തഹസീൽദാരുടെ നിർദ്ദേശപ്രകാരം നിയമാനുസൃതമായി

മുന്നറിയിപ്പ് നൽകിയശേഷം പോലീസ് ജലപീരങ്കിയും ടിയർ ഗ്യാസും ഉപയോഗിച്ച് പ്രവർത്തകരെ പിരിച്ചുവിടുന്നതിന് ശ്രമിച്ചെങ്കിലും പിരിഞ്ഞുപോകാതെ അക്രമത്തിലേർപ്പട്ടതിനാൽ നിയമാനുസൃതമായി ലാത്തിചാർജ്ജ് നടത്തി പിരിച്ചുവിട്ടു. കല്ലേറിൽ കണ്ണൂർ സിറ്റി പോലീസ് സ്റ്റേഷനിലെ വനിതാ എസ്.ഐ. അടക്കം ഒൻപത് പോലീസുകാർക്ക് പരിക്കേൽക്കുകയും പോലീസ് വാഹനത്തിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനാൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ ഹാജരാക്കിയ പ്രതികളായ എസ്.എഫ്.ഐ. പ്രവർത്തകരെ സി.പി.ഐ.(എം.) നേതാക്കൾ ബലം പ്രയോഗിച്ച് പിടിച്ചുകൊണ്ടു പോയതിനാൽ ഇവരുടെ പേരിൽ വിവിധ വുകപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസുകാരെ ആക്രമിക്കുമ്പോൾ ജീവരക്ഷാർത്ഥം പ്രതികരിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി വേണമെന്നാവശ്യപ്പെടുന്നത് ശരിയല്ല.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

II, III, V, IX, X, XII എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2012–2013 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളി ന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു

ധനാഭ്യർത്ഥന നമ്പർ XX -ശുദ്ധജലവിതരണവും ശുചീകരണവും (667,50,23,000)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (574,32,83,000)

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം (707,69,54,000)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ):

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ

ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ എം.എ. ബേബി, കോടിയേരി ബാലകൃഷ്ണൻ, എം.ചന്ദ്രൻ, കെ.കെ. നാരായണൻ, പുരുഷൻ കടലുണ്ടി, ആർ. രാജേഷ്, മുല്ലക്കര രത്നാകരൻ, കെ. രാജു, പി. തിലോത്തമൻ,. ഇ.കെ. വിജയൻ, ജി.എസ്. ജയലാൽ, ചിറ്റയം ഗോപകുമാർ, വി. ശശി, ജോസ് തെറ്റയിൽ, സി.കെ. സദാശിവൻ, .ബി. സത്യൻ, വി. ശിവൻകുട്ടി, കെ.വി. വിജയദാസ്, കെ.വി. അബ്ദുൾ ഖാദർ, ബാബു എം.പാലിശ്ശേരി, കെ. ദാസൻ, ബി.ഡി. ദേവസ്സി, എളമരം കരീം, പി.കെ. ഗുരുദാസൻ, എം. ഹംസ, ഇ.പി. ജയരാജൻ, സി. കൃഷ്ണൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) രാജു എബ്രഹാം, കെ. സുരേഷ് കുറുപ്പ്. എ.എം. ആരിഫ്, കെ. കുഞ്ഞമ്മത് മാസ്റ്റർ, വി. ചെന്താമരാക്ഷൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ കെ.കെ. ലതിക, ഇ.എസ്. ബിജിമോൾ, ഗീതാ ഗോപി, കെ.എസ്. സലീഖ, പി. അ യിഷാ പോറ്റി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പല പരിപാടികളും നടപ്പിലാക്കാൻ സർക്കാരിന് സാധിക്കുന്നില്ല. 2011-12 സാമ്പത്തിക വർഷത്തിൽ നഗര വികസനത്തി നായി നീക്കിവച്ചിരുന്ന തുകയിൽ 50 ശതമാനം പോലും ചെലവഴിച്ചിട്ടില്ല. വിളപ്പിൽശാല, ലാലൂർ, ബ്രഹ്മപുരം, ഞെളിയംപറമ്പ് തുടങ്ങിയ കേന്ദ്രങ്ങ ളിൽ മാലിന്യ സംസ്കരണം നാമമാത്രമായിപ്പോലും നടക്കുന്നില്ല. മുൻ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി നടന്നിരുന്ന മാലിന്യ സംസ്കരണം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. ആധുനിക സാങ്കേതിക വിദ്യയിൽ അധി

ഷ്ഠിതമായ മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന 2012–13-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരം നഗരസഭയോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. നഗരസഭകളിൽ മതിയായ ജീവനക്കാരെ നിയമിക്കാനും നഗരസഭകളുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാനും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള കുടിശ്ശിക തുക നൽകാനും നടപടി സ്വീകരിക്കണം. ലൈസൻസ് ഫീസ് പിരിവ് സ്റ്റേ ചെയ്ത നടപടി പിൻവലിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം കൈമാറണം. നഗരസഭകളുടെ ഫണ്ട് ചോർച്ചയ്ക്ക് പരിഹാരം കാണണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിലെ അപാകതകൾ പരിഹരിക്കണം. നഗരസഭകളിലെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം നടത്താൻ നടപടിയുണ്ടാകണം. കെട്ടിട നിർമ്മാണ ലൈസൻസിന് നിലവിലുള്ള നിയമം ലഘൂകരിക്കണം. നിർമ്മാണം പൂർത്തീകരിക്കുന്ന കെട്ടിടത്തിന് സമയബന്ധിതമായി നമ്പർ നൽകണം. അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കാനും നിലവിലുള്ള അനധികൃത കെട്ടിടങ്ങൾ തരംതരിച്ച് റെഗുലറൈസ് ചെയ്ത് ഫൈൻ ഈടാക്കാനും നടപടി സ്വീകരിക്കണം. ജനന-മരണ സർട്ടിഫിക്കറ്റ് വിതരണത്തിലെ അപാകതകൾ പരിഹരിക്കണം. പ്ലാൻ ഫണ്ട് ചെലവഴിക്കാൻ അനുവദിച്ചിട്ടുള്ള കാലാവധിയിൽ മാറ്റം വരുത്തണം. കുടുംബശ്രീയെ രാഷ്ട്രീയവൽക്കരിച്ച് ദുർബലപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണം. തെരുവ് നായ്ക്കളെ പിടിക്കാൻ അനുവാദം നൽകണം. ബി.പി.എൽ. വിഭാഗത്തിനും 3 സെന്റിൽ താഴെ ഭൂമിയുള്ളവർക്കും കെട്ടിട നിർമ്മാണ നിയമത്തിൽ ഇളവ് അനുവദിക്കണം. 20 വർഷം കഴിഞ്ഞ ഡി.ടി.

പി.സി. സ്കീമുകൾ പുതുക്കണം. കുടിവെള്ള പ്രോജക്ടുകളുടെ ഗുണഭോക്തൃവിഹിതം പത്ത് ശതമാനം എന്ന തീരുമാനം ഒരു ഗവണ്മെന്റിന് ഭൂഷണമല്ല. സുസ്ഥിര വികസന പദ്ധതി കാര്യക്ഷമമാക്കുന്നതിനും ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും ചേരിനിർമ്മാർജ്ജനത്തിനും മുൻഗണന നൽകണം. പാവപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്താനും സിറ്റി മൊബിലിറ്റി പ്ലാൻ, ടാക്സ് മാപ്പിംഗ് എന്നീ പദ്ധതികൾ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം. നേമം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും തിരുവനന്തപുരം കോർപ്പറേഷനിലെ കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കാനും ആവശ്യമായ നപടി സ്വീകരിക്കണം.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അനന്തമായി നീളുന്ന ജലസേചനപദ്ധതികൾ സ്ക്രീനിംഗ് നടത്തി പ്രായോഗികമല്ലാത്തത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വാട്ടർ സെസ്സ് ഈടാക്കുന്നത് കാര്യക്ഷമമാക്കണം. കുടിവെള്ള വിതരണം ജാഗ്രതയോടെ കൈകാര്യം ചെയ്യണം. നഗര വികസനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തണം. റോഡ് സൈഡിൽ പോസ്റ്റുകൾക്ക് പകരം കേബിൾ സ്ഥാപിച്ച് നിരത്തുകൾക്ക് വീതി കൂട്ടണം. നഗരസഭകളിലെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ജൈവമാലിന്യം പ്രഭവസ്ഥാനത്ത് സംസ്ക്കരിക്കാൻ ബോധവൽക്കരണം നടത്തണം. ഖരമാലിന്യവും പ്ലാസ്റ്റിക്കും സംസ്കരിക്കുന്നത് സംബന്ധിച്ച് പുനർവിചിന്തനം നടത്തണം. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തി വെള്ളക്കെട്ട് ഒഴിവാക്കണം. ബിൽഡിംഗ് റൂൾസിൽ കാലോചിതമായ മാറ്റം വരുത്തണം. കോർപ്പറേഷനുകൾ കംപ്യൂട്ടർവൽക്കരിക്കാനാവശ്യ

മായ നടപടി സ്വീകരിക്കണം. തൃശ്ശൂർ കോർപ്പറേഷനെ കുടിവെള്ളവിതരണ ത്തിന്റെ ചുമതല ഏൽപ്പിക്കണം. തൃശ്ശൂർ ബൈപ്പാസ് നിർമ്മിക്കുന്നതിനും അർബൻ ഡെവലപ്മെന്റ് അതോറിറ്റി പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ശശി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതികൾക്ക് അനുവദിച്ച തുകപോലും ചെലവഴിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കമാന്റ് ഏരിയ ഡെവലപ്മെന്റ് ആന്റ് വാട്ടർ മാനേജുമെന്റ് പ്രോഗ്രാമിന്റെ 31 ശതമാനം തുക ലാപ്സാക്കിയിരിക്കുകയാണ്. അർബൻ വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി രണ്ട് ഹെഡ്ഡുകളിലായി 50 കോടി രൂപ നീക്കിവച്ചതിൽ 5 കോടി രൂപമാത്രമാണ് റിലീസ് ചെയ്യാൻ സാധിച്ചത്. ഗുരുവായൂർ ഡ്രെയ്നേജ് സ്കീമിന് വകകൊള്ളിച്ച തുകയിൽ 50 ശതമാനവും സറണ്ടർ ചെയ്തിരിക്കുകയാണ്. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും ജപ്പാൻ കുടിവെള്ള പദ്ധതിക്കും വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പിഴവുകൾ ഉണ്ടായിരിക്കു ന്നുവെന്നത് ഗൗരവത്തോടെ കാണണം. ചവറയിൽ പൈപ്പ് ഫാക്ടറി സ്ഥാപിക്കാനുള്ള എൽ.ഡി.എഫ്.ഗവൺമെന്റിന്റെ തീരുമാനത്തെ അട്ടിമറിച്ചി രിക്കുകയാണ്. ആസൂത്രണത്തിന്റെ അഭാവംമൂലം കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നില്ല.

ശ്രീ. പി. ഉബൈദുള്ള : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശുദ്ധജല വിതരണത്തിനും മാലിന്യ നിർമ്മാർജനത്തിനും നഗരവികസ നത്തിനും വ്യക്തമായ ദിശാബോധത്തോടെ മുന്നോട്ടുപോകുന്ന യു.ഡി.എ

ഫ്.സർക്കാരിനെ അഭിനന്ദിക്കുകയാണ്. നദികളെ സംരക്ഷിക്കുന്നതോടൊപ്പം നദികളിലേക്ക് മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും വേണം. വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നിരവധി കുടിവെള്ള പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. മലപ്പുറം ജില്ല നേരിടുന്ന അതിരൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും നഗരസഭയിലെ UIDSSMT പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കഴിയണം. ആനക്കയം അർബൻ വാട്ടർ സപ്ലൈ സ്കീമും പന്തല്ലൂർ റൂറൽ വാട്ടർ സപ്ലൈ സ്കീമും കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം. തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കണം. കൂടുതൽ തണ്ണീർത്തടങ്ങളും കുളങ്ങളും തടയണകളും നിർമ്മിച്ച് മഴവെള്ളം സംഭരിക്കണം. 25 വർഷക്കാലത്തെ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് കുടിവെള്ള പദ്ധതികൾക്കുള്ള സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കണം. നഗരസഭകളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും സ്വിവറേജ് സിസ്റ്റം നടപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന നഗരസഭകളിലെ കുടിവെള്ള പദ്ധതികൾക്ക് അടയ്ക്കേണ്ട 10 ശതമാനം തുക സംസ്ഥാന ഗവൺമെന്റ് ഗ്രാന്റായി നൽകണം. മലപ്പുറം ജില്ലയിലെ നഗരസഭകളിലെ റോഡുകൾ നവീകരിക്കുന്നതിന് പ്രത്യേക പാക്കേജിന് രൂപം നൽകണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാലിന്യ സംസ്കരണത്തിന് ശാശ്വത പരിഹാരം കാണാനുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ട് പോവുകയാണ്. മാലിന്യങ്ങൾ ഉറവിട

ത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കേണ്ടത്. ഇരിങ്ങാലക്കുടയിൽ ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കണം. ജലവിഭവ വകുപ്പിൽ ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാനും തുടങ്ങിയവ സമയബന്ധിതമായി പൂർത്തീകരിക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ടെന്നത് അഭിനന്ദനാർഹമാണ്. മുൻഗണനാക്രമം തയ്യാറാക്കി കേടുവന്ന പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി തുക നീക്കി വച്ചതും സ്വാഗതാർഹമാണ്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. 1133 കുഴൽകിണറുകൾ സ്ഥാപിക്കാനും പഞ്ചായത്തുകളിൽ 'ജലനിധി' പദ്ധതി നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്. ചമ്രവട്ടം റെഗുലേറ്റർ–കം–ബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞതും ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന രീതിയിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചതും മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് അൻപത് കോടി രൂപ നീക്കിവച്ചതും ശ്രദ്ധേയമാണ്. ദേശീയ ജലപാത കോവളം മുതൽ നീലേശ്വരം വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കണം. ജലവിഭവ വകുപ്പിൽ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ നടപടി സ്വീകരിക്കുമെന്ന നിലപാട് അഭിനന്ദനാർഹമാണ്. നദികളുൾപ്പടെയുള്ള ജലാശയങ്ങളിലെ മലിനീകരണം നിയന്ത്രിക്കാൻ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികളും സ്വീകരിക്കാൻ കഴിയണം. ടെറാഫിൽ ടെക്നോളജി ഉപയോഗിച്ച് വീടുകളിൽ ഉപയോഗിക്കുന്ന കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാണ്ടി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുട്ടനാട് പാക്കേജ് അടിയന്തരമായി നടപ്പാക്കാനും പൈൽ ആന്റ് സ്ലാബ് സംവിധാനം ഏർപ്പെടുത്താനും പ്രോസ്പിരിറ്റി കൗൺസിൽ വിളിച്ചുകൂട്ടാനും നടപടി സ്വീകരിക്കണം. കൽക്കെട്ടിന്റെ പേരിൽ ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതി ഇല്ലാതാക്കണം. പ്രായോഗിക പരിചയമുള്ള എഞ്ചിനീയർമാരെ നിയമിച്ച് ഡി.പി.ആർ. തയ്യാറാക്കി തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ അടിയന്തിരമായി നിർമ്മിക്കണം. കുടിവെള്ള പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിന് ആലപ്പുഴയിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് തുറക്കണം.

<u>ശ്രീ. കെ. അച്ചുതൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ അഞ്ചുലക്ഷം പരാതികളിൽ മൂന്നുലക്ഷത്തിനും അപ്പോൾത്തന്നെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി ശക്തിപ്പെടുത്തി പൊതുഖജനാവിലേക്ക് ലാഭമുണ്ടാക്കാനും നിരാലംബരും നിർധനരുമായ രോഗികൾക്ക് സഹായം നൽകാനും ഈ സർക്കാരിന് കഴിഞ്ഞുവെന്നത് നേട്ടംതന്നെയാണ്. കേടുവന്ന പൈപ്പുകൾ മുൻഗണനാ ക്രമത്തിൽ മാറ്റിസ്ഥാപിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കാനും അനധികൃതമായി കുടിവെള്ളം വിതരണം ചെയ്യുന്ന ഏജൻസികളെ നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം. തടയണകൾ അടിയന്തരമായി നിർമ്മിക്കണം. കൂടുതൽ കുളങ്ങൾ കുഴിച്ച് വരൾച്ചബാധിത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണം. ചിറ്റൂർ നിയോജകമണ്ഡലത്തിലെ ആർ.ബി. കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്താനും ജലസംഭരണികളുടെ ആഴം കൂട്ടാനും നടപടി സ്വീകരിക്കണം. മൂലത്തറ ഡാമിന്റെ അറ്റകുറ്റപ്പണി

അടിയന്തരമായി പൂർത്തിയാക്കണം. കുഴൽക്കിണറുകൾ കുഴിച്ച് പൈപ്പ്ലൈൻ മുഖേന കുടിവെള്ളം എത്തിക്കാനും കേടായ പൈപ്പുകൾ മാറ്റുന്നതിനും നടപടി സ്വീകരിക്കണം. ചിറ്റൂർ മേഖലയിലെ കുടിവെള്ള പ്രശ്നം ചർച്ച ചെയ്യുന്നതിന് ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടണം.

ശ്രീ. എ.എം.ആരിഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പദ്ധതികൾക്ക് അനുവദിക്കുന്ന തുക വിനിയോഗിക്കാൻ ഈ സർക്കാരിന് കഴിയുന്നില്ല. മാലിന്യമുക്തകേരളം പദ്ധതി നടപ്പാക്കാൻ കഴിയണം. പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ അവ പ്രായോഗികമാക്കാൻ യാതൊരു നടപടിയും ഈ സർക്കാർ സ്വീകരിക്കുന്നില്ല. സർക്കാർ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപ പദ്ധതി പരസ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത് ശരിയല്ല. മെട്രോ, മോണോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് ഇതിന്റെ പ്രായോഗികവശങ്ങളെപ്പറ്റി ശാസ്ത്രീയപഠനം നടത്തണം. അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി, ആധുനിക അറവുശാലകളുടെ നിർമ്മാണം, നവീകരണം എന്നിവയ്ക്കുവേണ്ടി വകയിരുത്തിയ തുകയിൽ ഒരു പൈസപോലും ചെലവഴിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കുട്ടനാട് പാക്കേജിനുവേണ്ടി വകയിരുത്തിയ 200 കോടി രൂപയിൽ 2.29 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. മുല്ലപ്പെരിയാർ ഡാം സംരക്ഷിക്കുന്നതിലും നദീസംയോജന കാര്യത്തിലും സംസ്ഥാനത്തിന് അനുകൂലമായ തീരുമാനങ്ങളുണ്ടാക്കണം.

ശ്രീ. ജോസഫ് വാഴക്കൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒട്ടേറെ പ്രതീക്ഷ നൽകുന്ന പ്രവർത്തനങ്ങളാണ് നഗരവികസനം, ജലവിഭവം എന്നീ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് മാലിന്യ

നിർമ്മാർജ്ജനത്തിന് സമഗ്ര നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ 20 വർഷം മുമ്പ് തുടങ്ങിവച്ച മൂന്ന് പ്രധാന കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യാനും നിരവധി ചെറിയ പദ്ധതികൾ പൂർത്തിയാക്കാനും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സാധിച്ചു. കാലഹരണപ്പെട്ട മുഴുവൻ പൈപ്പുകളും മാറ്റുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. എറണാകുളം ജില്ലയിലെ മുഴുവൻ കുടിവെള്ള പദ്ധതികളും കമ്മീഷൻ ചെയ്യാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ സർക്കാരിന്റെ നടപടി അഭിനന്ദനാർഹമാണ്. ജലസേചന വകുപ്പ് 80 ശതമാനം വരെ പൂർത്തിയാക്കിയിട്ടിരിക്കുന്ന പദ്ധതികൾ എത്ര യുംവേഗം കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം. വർഷങ്ങൾക്കുമുമ്പ് പണി തുടങ്ങിയ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് (എം.വി.ഐ.പി.) ഈ വർഷമെങ്കിലും കമ്മീഷൻ ചെയ്യാൻ സജ്ജമാക്കണം. 'കാഡ'യെ സജീവമാക്കാനാവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കണം. എം.വി.ഐ.പി.-ക്കുവേണ്ടി ഏറ്റെടുത്ത മിച്ചമുള്ള ഭൂമി സർക്കാരിന്റെ മറ്റ് വികസന കാര്യങ്ങൾക്ക് നൽകാൻ തയ്യാറാകണം. വാട്ടർ അതോറിറ്റിയുടെ കാലപ്പഴക്കംവന്ന പൈപ്പുകൾ മാറ്റുന്നതിനെക്കുറിച്ചും ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ മോഡൽ പരിഷ്ക്കരിക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. പമ്പ് ഹൗസുകളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഓപ്പറേറ്റർമാരെ നിയോഗി ക്കണം. അവധി ദിവസങ്ങളിൽ ബിൽ അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താനും പ്രവർത്തി ദിവസങ്ങളിൽ സമയം ദീർഘിപ്പിക്കാനും നടപടിയുണ്ടാകണം. മുല്ലപ്പെരിയാറിലെ ജനങ്ങളുടെ സുരക്ഷയ്ക്കും പുതിയ ഡാം നിർമ്മിക്കുന്നതിനുംവേണ്ടി നിയമപോരാട്ടം നടത്തുന്ന വകുപ്പു

മന്ത്രിയെ അഭിനന്ദിക്കുന്നു. മാലിന്യ സംസ്ക്കരണത്തിനായി വിജയകരമായ മോഡലുകൾ കണ്ടെത്തുന്നതിനും ഏഴ് ജില്ലകളിൽ ആധുനിക പ്ലാന്റുകൾ സ്ഥാപിച്ച് പ്രശ്നത്തിന് അടിയന്തര പരിഹാരം കാണുന്നതിനും സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. എറണാകുളത്തെ മെട്രോപൊളിറ്റൻ സിറ്റിയായി പ്രഖ്യാപിച്ച് പുതിയ ഭരണസംവിധാനം ഏർപ്പെടുത്തുന്നതിനെ ക്കുറിച്ച് ആലോചിക്കണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം നാണ്യവിളകളുടെ വില കുത്തനെ ഇടി യുകയും കേരളത്തിലെ വയലുകളുടെ വിസ്തൃതി ഗണ്യമായി കുറയുകയും ചെയ്തിരിക്കുകയാണ്. നെൽവയൽ നികത്തുന്ന മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. കനാലുകളുടെ ജീർണ്ണാ വസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട നീർപ്പാലങ്ങൾ പുനരുദ്ധരിക്കണം. ജലസേചന പദ്ധതികൾ പുനരുദ്ധരിക്കാനാവശ്യമായ ഫണ്ട് വകയിരുത്തണം. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും കോഴിക്കോട് നഗരത്തിൽ കുടിവെള്ളം ലഭ്യമാകാതിരു ന്നത് സംബന്ധിച്ച് അന്വേഷണം നടത്തണം. ബാണാസുര സാഗറിലെ വെള്ളം ലഭിക്കാതായാൽ കുറ്റ്യാടി ജലസേചന പദ്ധതി അവതാളത്തിലാകു മെന്ന കാര്യം വിസ്മരിക്കരുത്. കുറ്റ്യാടി ജലസേചന പദ്ധതി പരിഷ്ക്കരിക്കാ നാവശ്യമായ ഫണ്ട് നീക്കിവയ്ക്കണം. കനാലുകളിൽനിന്നുള്ള വരുമാനം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. സ്വകാര്യവൽക്കരണം ലക്ഷ്യമിടുന്ന ദേശീയ ജലനയ രേഖ പ്രാബല്യത്തിൽ വന്നാൽ സംസ്ഥാ നത്ത് പൊതുടാപ്പുകൾ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും. ജലമാഫിയകളെ തടയാൻ സാധിക്കണം. 2030-ഓടെ ഭൂഗർഭജലം വരണ്ടുപോകുമെന്ന

ഭീഷണിയെ നേരിടാൻ സംസ്ഥാനം സന്നദ്ധമാകണം. മുനിസിപ്പാലിറ്റികളിലേയും നഗരസഭകളിലേയും ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിച്ച് യഥാസമയം ശമ്പളവും പെൻഷനും നൽകാൻ നടപടി സ്വീകരിക്കണം. മാലിന്യ നിർമ്മാർജ്ജനത്തിന് നടപടി സ്വീകരിക്കണം.

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരുവർഷത്തിനുള്ളിൽ ജലവിഭവ വകുപ്പിൽ ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാനും തുടങ്ങിവച്ചവ സമയബന്ധിതമായി പൂർത്തീകരിക്കാനും എല്ലാവർക്കും കുടിവെള്ളം എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാനും കഴിഞ്ഞത് ശ്ലാഘനീയമാണ്. കാസർഗോഡ് നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ വെള്ളം ലഭ്യമാക്കുന്നതും ബാവിക്കര ബണ്ട് നിർമ്മാണ പദ്ധതി യാഥാർത്ഥ്യമാക്കുന്നതും അഭിനന്ദനാർഹമാണ്. അക്സലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീം പ്രകാരം നാല് ഘട്ടങ്ങളിലായി നടപ്പാക്കുന്ന പദ്ധതി കാസർഗോഡ് മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സഹായകരമാണ്. കാസർഗോഡ് മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജലനിധി പദ്ധതി അനുവദിക്കണം. മഴവെള്ളം സംഭരിക്കാനും വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിശ്ശിക ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ന്യൂനപക്ഷവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്തുന്ന സർക്കാരിന്റെ നടപടികൾ അഭിനന്ദനാർഹമാണ്. മാലിന്യ പ്രശ്ന പരിഹാരത്തിന് ദീർഘവീക്ഷണത്തോടെയുള്ള സമീപനം സ്വാഗതാർഹമാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതികൾ മുഴുവൻ നഗരസഭകളിലും നടപ്പാക്കുന്നതിന് ഫണ്ട് അനുവദിക്കണം. മുനിസിപ്പൽ–കോർപ്പറേഷനുകൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് വിഭാഗം രൂപീക

രിക്കണം. അൻപതിനായിരത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളെ രാജീവ് ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തണം. മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ പദ്ധതിക്ക് 50 കോടി രൂപ അനുവദിക്കണം. നഗരസഭകൾ കടക്കെണിയിലാകുന്ന അവസ്ഥ അവസാനിപ്പിക്കുന്നതിനും പെൻഷൻ പറ്റിയ ജീവനക്കാർക്ക് യഥാസമയം പെൻഷൻ ലഭ്യമാക്കാനും നടപടിയുണ്ടാകണം. നഗര സൗന്ദര്യവൽക്കരണത്തിന് പ്രത്യേക ഏജൻസിയെ ഏർപ്പെടുത്താനും കാസർഗോഡ് നഗരത്തിന് ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാനും കഴിയണം. ശുചിത്വമിഷൻ വഴി സൗജന്യ ഇ-ടോയ്‌ലെറ്റ് സമ്പ്രദായം നടപ്പാക്കണം. നഗരങ്ങളിൽ നീന്തൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. 1999-ലെ കെ.എം.ബി.ആർ.-ൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം. 2011-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നഗരങ്ങളിലെ നിർമ്മിതികൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. എറണാകുളത്തെ നഗരാസൂത്രണം സൂക്ഷ്മമായി നടത്തപ്പെടണം. സംസ്ഥാനത്തെ ശുദ്ധജലവിതരണ സംവിധാനം ശാസ്ത്രീയമാക്കണം. പ്രകൃതിദത്തമായ ജലസമ്പത്ത് നഷ്ടപ്പെടാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരള വാട്ടർ അതോറിറ്റിയുടേയും ഇറിഗേഷൻ വകുപ്പിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കണം. മഴലഭ്യതയിൽ കുറവുണ്ടാകുമ്പോൾ കാർഷിക-വ്യാവസായിക മേഖലകളിലുൾപ്പെടെ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം യഥാസമയം കേന്ദ്ര ഗവണ്മെന്റിനെ അറിയിക്കണം. ആറന്മുളയിലെ

ജലസമ്പത്ത് തകർക്കുന്ന യാതൊരു പരിപാടിയും നടപ്പാക്കാൻ അനുവദിക്കരുത്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകമെമ്പാടും വെള്ളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ നദികളും ജലസ്രോതസ്സുകളും മലിനമാകാതിരിക്കാനും മഴവെള്ളം സ്വരൂപിക്കാനും ശാസ്ത്രീയ രീതികൾ അവലംബിക്കണം. ജലസംരക്ഷണം ജീവിതചര്യയുടേയും സംസ്ക്കാരത്തിന്റേയും ഭാഗമായി മാറണം. നിലവിലുള്ള തുരുമ്പുപിടിച്ച പൈപ്പുകളും മോട്ടോറുകളും പമ്പ്സെറ്റുകളും മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഓൺഗോയിംഗ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ പ്രാവർത്തികമാക്കാനും കഴിയണം. ജപ്പാൻ കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കാനും എറണാകുളം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനും കുടിവെള്ളത്തിൽ മായം കലർത്തുന്ന മാഫിയാ സംഘങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും തയ്യാറാകണം. കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുന്ന പദ്ധതികൾ സമയബന്ധിതായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. സ്വീവറേജ് സംവിധാനം ശക്തിപ്പെടുത്തി വെള്ളത്തിൽ കോളിഫോം ബാക്ടിരീയ വർദ്ധിക്കുന്നത് തടയണം. എറണാകുളം പോലുള്ള ജില്ലകളിലെ തോടുകളിൽ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനും കനാലുകൾ നന്നാക്കി ജലപാതകൾ നിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിനെ അഴിമതി വിമുക്തമാക്കുന്നതിനും ബിൽഡിംഗ് റൂൾസിലെ അപാകതകൾ പരിഹരിക്കുന്നതിനും നഗരാസൂത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സാജു പോൾ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തണം.ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സതേൺ റീജിയണൽ സെന്റർ കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ട് വിതുരയിൽ സ്ഥാപിക്കാനുണ്ടായ സാഹചര്യം വിശദമാക്കണം. കൊല്ലം ജില്ലയിലെ ചവറയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച പി.വി.സി. പൈപ്പ് കമ്പനിയും അരുവിക്കരയിലെ കുപ്പിവെള്ള ഫാക്ടറിയും പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം. വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കണം. ജലവിതരണ രംഗത്ത് മുൻ ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികൾ പൂർത്തിയാക്കാനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കാനും പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. പെരിയാർവാലി കനാലുകളുടെ റീ-വാമ്പിംഗിനും റോഡുകൾ നന്നാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ പ്രായോഗികമായ നടപടികൾ കൈക്കൊള്ളണം. വാട്ടർ അതോറിറ്റി ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കാനും അനധികൃത ഭൂമികയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ടാങ്കർ ലോറിയിൽ മലിനജലം വിതരണം നടത്തുന്നത് തടയാനും നടപടി സ്വീകരിക്കണം. പുഴകളിലെ മലിനീകരണം തടയാനും മണൽമാഫിയകളെ നിയന്ത്രിക്കാനും സാധിക്കണം. പെരിയാർ നദി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. സ്പാൻ പദ്ധതി പൂർത്തീകരിക്കണം.

മുനിസിപ്പലിറ്റികളും കോർപ്പറേഷനുകളും ന്യൂനക്ഷ ക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി)</u>: കെട്ടിടനിർമ്മാണ ചട്ടത്തിലെ വകുപ്പുകൾ അപ്രായോഗികവും കേരളം പോലുള്ള സംസ്ഥാനത്തിന് യോജി

ക്കാത്തതുമായതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ജനോപകാരപ്രദവും കാലോചിതവുമായ മാറ്റങ്ങൾ വരുത്താനും ബിൽഡിംഗ് ആപ്ലിക്കേഷൻ ഓൺലൈൻ ആക്കാനും നടപടി സ്വീകരിക്കും. അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പിഴ ചുമത്തുന്നതിനും മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. 32 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വാടകക്കെട്ടിടങ്ങൾക്ക് 50 ശതമാനം അധിക നികുതി ഏർപ്പെടുത്തിയത് പുനഃപരിശോധിക്കും. സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ഉപയോഗിക്കുന്ന പെട്ടിക്കട ഉൾപ്പെടെയുള്ള 150 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും കെട്ടിട ഭാഗങ്ങൾക്കും നികുതി ഇളവ് നൽകും. കെട്ടിടങ്ങൾ വാടകക്കാരൻ മോടിപിടിപ്പിക്കുന്നതിന്റെ പേരിൽ കെട്ടിട ഉടമയിൽ നിന്നും അധിക നികുതി ഈടാക്കുന്നത് പുനഃപരിശോധിക്കും. പഴം, ജ്യൂസ്, പ്രൊവിഷൻ എന്നിവ വിൽക്കുന്ന ചെറിയ കടകൾക്ക് നൽകുന്ന ലൈസൻസിന്റെ പേര് 'ട്രേഡ് ആന്റ് ഫാക്ടറി ലൈസൻസ്' എന്നാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എ.ഡി.ബി. സഹായത്തോടെ നടത്തുന്ന കെ.എസ്.യു.ഡി.പി. പദ്ധതിയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് 285 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഈ സർക്കാർ ഒരു വർഷംകൊണ്ട് 118 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചുരുങ്ങിയ സ്ഥലത്ത് ദുർഗന്ധമില്ലാത്ത രീതിയിൽ മോഡേൺ തെർമൽ ടെക്നോളജിയുപയോഗിച്ച് മാലിന്യ സംസ്ക്കരണം നടത്താനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഉറവിട മാലിന്യ സംസ്കരണത്തിന് കഴിഞ്ഞ വർഷം 20

കോടി രൂപ നൽകുകയും ഈ വർഷം ബഡ്ജറ്റിൽ 100 കോടി രൂപ നീക്കിവ യ്ക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് മോഡേൺ പ്ലാന്റ് നവംബർ 1-ന് ആരംഭിക്കാനുള്ള തീരുമാനമായിട്ടുണ്ട്. കൊല്ലം, എറണാകുളം, കോട്ട യം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ മോഡേൺ പ്ലാന്റ് സ്ഥാപിക്കുന്നതോടുകൂടി 1000 ടൺ മുതൽ 1700 ടൺവരെ ഒരു ദിവസം പ്രോസസ്സ് ചെയ്യാൻ സാധിക്കും. ഇതിൽനിന്നും 7,20,000 യൂണിറ്റ് മുതൽ 12,00,000 യൂണിറ്റ് വൈദ്യുതിവരെ ഒരു ദിവസം ഉൽപ്പാദിപ്പിക്കാൻ കഴിയു മെന്നതിനാൽ വൈദ്യുതി രംഗത്ത് സർക്കാരിന് ലാഭമുണ്ടാക്കാൻ സാധിക്കു ന്നതാണ്. സംസ്ഥാനത്ത് പല ഭാഗങ്ങളിലായി മാലിന്യം കൂടിക്കിടക്കുന്നത് സംസ്കരിക്കാൻ കഴിയാത്തതിനാൽ ബെയിൽ ചെയ്ത് സൂക്ഷിക്കുന്ന തിനായി ടെൻഡർ വിളിച്ചിട്ടുണ്ട്. മൊബൈൽ ഇൻസിനറേറ്റർ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി അവയുടെ തൊട്ടുതാഴെ യുദ്ധകാലാടിസ്ഥാനത്തിൽ തടയണകൾ നിർമ്മിക്കാൻ തീരുമാ നിച്ചിട്ടുണ്ട്. നിലവിലുള്ള 45 ലക്ഷം കിണറുകൾ സംരക്ഷിക്കണം. മഴ വെള്ളം സംഭരിക്കാൻ വാട്ടർ ഷെഡ് മാനേജ്മെന്റ് അവലംബിക്കേണ്ടതുണ്ട്. സംസ്ഥാനത്താകെയുള്ള 1000 കുളങ്ങളിൽ 368 കുളങ്ങൾ വൃത്തിയാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. കായലുകളും നദികളും പരമാവധി സംര ക്ഷിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ 590 കിലോമീറ്റർ ജലപാത പൂർത്തിയാകുന്നതോടുകൂടി കേരളത്തിൽ ടൂറിസം വികസന

സാധ്യത വർദ്ധിക്കും. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഡിസംബറിൽ പൂർത്തിയാകും. സ്ഥലം ഏറ്റെടുത്ത് കൊടുത്താൽ ജലപാതയുടെ പണി കേന്ദ്ര സർക്കാർ പൂർത്തിയാക്കും. കാവേരി ട്രിബ്യൂണൽ കേരളത്തിന് അനുവദിച്ച 30 ടി.എം.സി. ജലം ഇതുവരെ ഉപയോഗിച്ചിട്ടില്ല. ഇടുക്കിയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട എന്നിവിടങ്ങളിലെ വരൾച്ചബാധിത പ്രദേശങ്ങൾ കൃഷിക്കുപയുക്തമാക്കാൻ പാമ്പാർ ബേസിൻ പ്രോജക്ടിന്റെ പണി ഈ വർഷം ആരംഭിക്കുന്നതാണ്. പാലക്കാട്ടെ അട്ടപ്പാടിയെ കൃഷിക്കുപയുക്തമാക്കാനുള്ള ഭവാനി ബേസിൻ പ്രോജക്ടുമായി സർക്കാർ മുന്നോട്ട് പോകുന്നതാണ്. 'ജിക്ക' പദ്ധതികൾ ഒരു വർഷത്തിനകം പൂർത്തിയാക്കുന്നതാണ്. കുട്ടനാട് പാക്കേജ് അനുസരിച്ച് ഇപ്പോൾ 143 കോടി രൂപയുടെ പണി നടക്കുകയാണ്. മദ്രാസ് ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തണ്ണീർമുക്കം, തോട്ടപ്പള്ളി ബണ്ട് നിർമ്മാണത്തിന് നടപടി സ്വീകരിച്ചു വരുകയാണ്. കടൽവെള്ളം ശുദ്ധീകരിച്ച് നൽകുന്നതിലേക്കായി 15 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന തീരദേശങ്ങളിലെ 50 സ്ഥലങ്ങളിൽ ഡീസാലിനേഷന്റെ മൊബൈൽ യൂണിറ്റുകൾ ഈ വർഷം നടപ്പാക്കുന്നതാണ്. ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിനും വെള്ളത്തിന്റെ പ്രതിശീർഷ വിനിയോഗം രണ്ട് വർഷം കൊണ്ട് 25 ലിറ്ററിൽ നിന്നും 75 ലിറ്ററായി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചേർത്തല നിവാസികൾ ഹൗസ് കണക്ഷൻ എടുക്കാൻ മടിക്കുന്നതിന് കാരണം തുകയുടെ പ്രശ്നമാണെങ്കിൽ അത് ഇളവുചെയ്യുന്നതിനും അവിടത്തെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ മേഖലയും 'ജിക്ക'

പദ്ധതിയുടെ കീഴിൽ കൊണ്ടുവരും. കേന്ദ്ര സർക്കാർ വരൾച്ച ബാധിത പ്രദേശങ്ങൾക്ക് അധികസഹായം നൽകുന്നതുപോലെ കേരളത്തിലെ തീരപ്രദേശങ്ങളേയും കുട്ടനാടിനേയും പരിഗണിക്കുന്നതാണ്. കുടിവെള്ള ത്തിലെ മാലിന്യനിർമ്മാർജ്ജനത്തിന് മുഴുവൻ പ്രോജക്ടുകൾക്കും ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കാനും സ്ലോ സാന്റ് ഫിൽട്ടറുകൾ മാറ്റി റാപിഡ് സാന്റ് ഫിൽട്ടറുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ഉയർത്താമെന്ന എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യങ്ങളിൽ ഗവൺമെന്റിന്റെ പ്രതികരണം സുപ്രീംകോടതി ആവശ്യപ്പെട്ട സാഹച ര്യത്തിൽ ശക്തമായ രീതിയിൽ കേസ് മുന്നോട്ടുകൊണ്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും 60-നെതിരെ 72 വോട്ടുകളോടെ സഭ പസ്സാക്കുകയും ഗ്രാന്റ് അനുവദി ക്കുകയും ചെയ്തു.

സഭ വൈകുന്നേരം 03.57-ന് പിരിഞ്ഞു.

* * * * * * * * * *